# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 16 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

## സന്നിധാനത്ത് ദർശനം ഇനി മൂന്ന് നാൾ കൂടി

ഇത്തവണത്തെ ശബരിമല തീർത്ഥാടനമവസാനിക്കാൻ മൂന്ന് ദിവസങ്ങൾ മാത്രം ശേഷിക്കെ സന്നിധാനത്ത് അയ്യപ്പ ഭക്തരുടെ തിരക്ക് കുറഞ്ഞു. ഇതോടെ സന്നിധാനത്തേക്കെത്തുന്ന ഭക്തർ ആവശ്യാനുസരണം സമയമെടുത്ത് അയ്യപ്പനെ കൺനിറയെ ക ് മനം നിറഞ്ഞാണ് മടങ്ങുന്നത്. വലിയ നടപ്പന്തലിലെ തീർത്ഥാടകരുടെ നീ നിര ഞായറാഴ്ച ഉച്ചയോടെ അവസാനിച്ചു.

വലിയ നടപ്പന്തലിൽ കാത്ത് നിൽക്കാതെ പതിനെട്ടാംപടിയിലെ തിക്കും തിരക്കും ഒഴിഞ്ഞ് അയ്യപ്പ സന്നിധിയിലെത്തി ദർശന സായൂജ്യമണഞ്ഞ് മടങ്ങുന്നതിന്റെ സംതൃപ്തിയാണ് തീർത്ഥാടനകാലത്തിന്റെ അവസാന ദിവസങ്ങളിൽ ശബരിമലയിലേക്കെത്തുന്ന ഭക്തർക്കുള്ളത്. തിരക്കൊഴിഞ്ഞ ദർശന ഭാഗ്യത്തിനൊപ്പം കൗ റുകളിൽ നിന്ന് വലിയ കാത്ത് നിൽപ്പില്ലാതെ ആവശ്യാനുസരണം അപ്പവും അരവണയും വാങ്ങി മടങ്ങാനും ഭക്തർക്കാവുന്നു ്. ഇത്തവണത്തെ മകര ജ്യോതി ദർശനത്തിനും മകര സംക്രമ പൂജക്കും ഭക്തരുടെ അഭൂതപൂർവ്വമായ തിരക്കായിരുന്നു അനുഭവപ്പെട്ടത്.

മകരവിളക്കാഘോഷത്തിന് ശേഷവും ഞായറാഴ്ച്ച ഉച്ചവരെ ഇടമുറിയാതെ ഭക്തരുടെ തിരക്കനുഭവപ്പെട്ടിരുന്നു. മകരജ്യോതി ദർശനത്തിനായി എത്തി സന്നിധാനത്ത് തമ്പടിച്ചിരുന്ന അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തിയിരുന്ന ഭക്തർ പൂർണ്ണമായി തിരികെ പോയി കഴിഞ്ഞു. സംസ്ഥാനത്തിനുള്ളിൽ നിന്നുള്ള അയ്യപ്പ ഭക്തർ ഞായർ, തിങ്കൾ ദിവസങ്ങളിൽ സന്നിധാനത്തേക്ക് കൂടുതലായി എത്തി. തിരക്ക് കുറഞ്ഞതോടെ കഴിഞ്ഞ ര ് ദിവസങ്ങളിലും സന്നിധാനത്ത് പടി പൂജ നടന്നു. ഈ മാസം പത്തൊമ്പത് വരെയാണ് സന്നിധാനത്ത് ഭക്തർക്ക് ദർശനത്തിനവസരം ലഭിക്കുക. ഭക്തരുടെ തിരക്കൊഴിഞ്ഞതോടെ സന്നിധാനവും പരിസരവും ശുചീകരിക്കുന്ന ജോലികളും പുരോഗമിക്കുകയാണ്.

(പി.ആർ. ശബരി- 297)

## അയ്യപ്പ സന്നിധിയിൽ ചുവടു വെച്ച് സീരിയൽ താരം ആഷ്ബിൻ അനിൽ

ടെലിവിഷൻ കുടുംബപ്രേക്ഷകരുടെ ഇഷ്ട പരമ്പരയായ നന്ദനത്തിൽ ശ്രീകൃഷ്ണനായി വേഷമിടുന്ന പാലക്കാട് സ്വദേശി ആഷ്ബിൻ അനിൽ സന്നിധാനത്ത് ദർശനം നടത്തി. ഇരുന്നൂറ് പേരടങ്ങുന്ന പഴമ്പാറക്കോട് അയ്യപ്പ സേവാ സംഘത്തിനൊപ്പമാണ് ആഷ്ബിൻ ശബരീശ സന്നിധിയിൽ എത്തിയത്. ദർശന ശേഷം ആഷ്ബിൻ വലിയ നടപ്പന്തലിലെ ശ്രീ ശാസ്ത ഓഡിറ്റോറിയത്തിൽ കുച്ചുപ്പുടി അവതരിപ്പിച്ചു. ഏഴ് തവണ അയ്യപ്പ ദർശനത്തിനെത്തിയിട്ടുള്ള ആഷ്ബിൻ ആദ്യമായാണ് അയ്യപ്പ സന്നിധിയിൽ ചുവട് വച്ചത്. തന്റെ ഗുരു ഗീത പത്മകുമാർ ചിട്ടപ്പെടുത്തിയ ദുർഗ സ്തുതിയാണ് ആഷ്ബിൻ ശബരീശ സന്നിധിയിൽ അവതരിപ്പിച്ചത്. ആഷ്ബിന്റെ ചടുലമായ ചുവടുകൾ സന്നിധാനത്തെത്തിയ ഭക്തരുടെ മനം നിറച്ചു. ബിരുദാന്തര ബിരുദ വിദ്യാർത്ഥിയായ ആഷ്ബിൻ മൂന്ന് വയസ്സുമുതൽ നൃത്തം അഭ്യസിക്കുന്നു. ഉഷയാണ് മാതാവ്. മുമ്പ് സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ മികച്ച പ്രകടനം നടത്തിയിട്ടുള്ള ആഷ്ബിൻ അയ്യപ്പ സന്നിധിയിൽ ചുവട് വയ്ക്കുകയെന്ന തന്റെ എക്കാലത്തേയും വലിയ സ്വപ്നം സാക്ഷാത്ക്കരിച്ചാണ് അയ്യപ്പ സന്നിധിയിൽ നിന്നും തിരികെ ഇറങ്ങിയത്.

**ഫോട്ടോ ക്യാപ്ഷൻ: സീരിയൽ താരം ആഷ്ബിൻ അനിൽ അയ്യപ്പ സന്നിധിയിൽ കുച്ചുപ്പുടി അവതരിപ്പിക്കുന്നു.**

# ശബരിമലയിലെ നാളത്തെചടങ്ങുകൾ
# ( 17.01.2023)

.........

പുലർച്ചെ 4.30 ന് പള്ളി ഉണർത്തൽ
5 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
5.05 ന് .... പതിവ് അഭിഷേകം
5.30 ന് ... ഗണപതി ഹോമം
5.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11.30 വരെയും നെയ്യഭിഷേകം
12 .15 ന് 25 കലശപൂജ
തുടർന്ന് കളഭാഭിഷേകം12.40 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കും.
വൈകുന്നേരം 5 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന് ദീപാരാധന
6.45 ന് പടിപൂജ
9.30 ന് അത്താഴപൂജ
10 മണിക്ക് മാളികപ്പുറത്തെ മണിമണ്ഡപത്തിൽ നിന്ന് പതിനെട്ടാം പടിക്ക് മുന്നിലേക്ക് എഴുന്നെള്ളത്ത്
10.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.